Draft #6 of File KMSCL/ADMN/9567/2025 Approved by Managing Director on 26-Jul-2025 04:47 PM - Page 1

**കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ലിമിറ്റഡ്**
**(ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, കേരള സർക്കാർ)**
**തൈയ്ക്കാട് പി.ഒ. തിരുവനന്തപുരം 695104**
**ഫോൺ 0471-2945600, 2945646, 2945671, 9497002080**

KMSCL/ADMN/9567/2025 26.07.2025

**കൊറിയർ സേവനം ലഭ്യമാക്കുന്നതിനുള്ള ദർഘാസ് പ്രമാണം**

## I. ആമുഖം

1. മരുന്നുകളും മറ്റനുബന്ധ സാമഗ്രികളും കൃത്യമായും യഥാസമയത്തും അത്യന്തം കണിശതയോടെയും വിതരണം ചെയ്യുന്നതിന് പ്രാപ്തരായ കൊറിയർ ഏജൻസികളിൽ നിന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ദർഘാസ് അപേക്ഷ ക്ഷണിക്കുന്നു.
2. താഴെ പറയും പ്രകാരമാണ് വിതരണം നിർവ്വഹിക്കേണ്ടത്

- കാരുണ്യ മെഡിസിൻ ഡിപ്പോ/ ജില്ലാ മരുന്നുസംഭരണശാലകൾ എന്നിവിടങ്ങളിൽ നിന്നും സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലേക്കും, മറ്റു കാരുണ്യ ഔട്ട്ലെറ്റുകളിലേക്കും.
- കോർപറേഷന്റെ കീഴ്ഘടക സ്ഥാപനങ്ങളായ ജില്ലാ മരുന്നു സംഭരണശാലകൾ, കാരുണ്യ മെഡിസിൻ ഡിപ്പോ, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുതലായവ തമ്മിൽ.
- തൈയ്ക്കാടുള്ള മുഖ്യകാര്യാലയത്തിൽ നിന്നും രാജ്യമെമ്പാടുമുള്ള വിവിധ ലാബുകളിലേക്ക്.

3. കേരള സർക്കാരിന്റെ ഇ-ദർഘാസ് പോർട്ടൽ ഉപയോഗിച്ച് ഓൺലൈനായി 2 ബിഡ് രീതിയിലാണ് ദർഘാസ് അപേക്ഷ സമർപ്പിക്കേണ്ടത്.
4. ഇ-ദർഘാസ് പോർട്ടൽ രൂപകല്പന ചെയ്തിരിക്കുന്നത് കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (NIC) ആണ്, കേരള സർക്കർ സ്ഥാപനമായ ഐ.ടി. മിഷൻ ഉപയോക്താക്കൾക്ക് വേണ്ട പിന്തുണ നല്കുന്നു. www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ദർഘാസ് രേഖ ഡൗൺലോഡ് ചെയ്യാവുന്നതാണ്. അപേക്ഷകന് ദർഘാസ് രേഖയുടെ തുകയും നിരതദ്രവ്യവും ഇ-ദർഘാസ് പോർട്ടൽ മുഖേന നല്കാവുന്നതും, മറിച്ചെങ്കിൽ ആദ്യഘട്ടത്തിൽ തന്നെ ദർഘാസ് അപേക്ഷ തിരസ്കരിക്കുന്നതുമാണ്.
5. ദർഘാസ് സമർപ്പണത്തിന് വേണ്ട എല്ലാ രേഖകളും ഓൺലൈനായി കേരള സർക്കാരിന്റെ ഇ-ദർഘാസ് പോർട്ടലായ www.etenders.kerala.gov.in മുഖേനയാണ് സമർപ്പിക്കേണ്ടത്. എല്ലാ അപേക്ഷകരും ഇ-ദർഘാസ് പോർട്ടലിൽ പേര് ചേർക്കേണ്ടതും, ഡിജിറ്റൽ ഒപ്പ് കൈവശപ്പെടുത്തേണ്ടതുമാണ്.

**ദർഘാസിന്റെ വിശദാംശങ്ങൾ**

| | | |
|---|---|---|
| 1 | ദർഘാസ് രേഖയുടെ തുക | ₹14,514/- (18% ജി.എസ്.റ്റി. ഉൾപ്പെടെ) |
| 2 | ദർഘാസ് മതിപ്പ് (1 വർഷം) | ₹81,44,958/- |
| 3 | നിരതദ്രവ്യം | ₹81,449/- |
| 4 | പെർഫോർമൻസ് സെക്യൂരിറ്റി തുക | കരാറിന്റെ മൊത്ത തുകയുടെ 5% (ദർഘാസ് വിജയി നൽകേണ്ടതാണ്) |

**ദർഘാസിന്റെ സമയപട്ടിക**

| | | |
|---|---|---|
| 1 | ദർഘാസ് പ്രകാശനം | 28.07.2025 |
| 2 | ഓൺലൈൻ ദർഘാസ് സമർപ്പണം ആരംഭിക്കുന്ന തിയ്യതി | 28.07.2025, 11 AM |
| 3 | ഓൺലൈൻ ദർഘാസ് സമർപ്പണം അവസാനിക്കുന്ന തിയ്യതി | 16.08.2025, 6 PM |
| 4 | ഓൺലൈൻ ദർഘാസ് തുറക്കൽ- ഒന്നാം ഘട്ടം (രേഖകളുടെ പരിശോധന) | 18.08.2025, 11 AM |

| | | |
|---|---|---|
| 5 | ഓൺലൈൻ ദർഘാസ് തുറക്കൽ- രണ്ടാം ഘട്ടം (തുക) | ഒന്നാം ഘട്ടം വിജയകരമായി പൂർത്തിയാക്കുന്നവരെ അറിയിക്കുന്നതാണ്. |

നിരതദ്രവ്യവും ദർഘാസ് തുകയും സമർപ്പിക്കാത്ത ദർഘാസ് അപേക്ഷ ആദ്യഘട്ടത്തിൽ തന്നെ തിരസ്കരിക്കുന്നതാണ്. ദർഘാസ് പ്രകിയ പൂർത്തിയാകുന്ന മുറയ്ക്ക് പലിശരഹിത നിരതദ്രവ്യം ഓൺലൈനായി തിരികെ നല്കുന്നതാണ്. www.etenders.kerala.gov.in, www.kmscl.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ദർഘാസ് രേഖ ലഭ്യമാകുന്നതാണ്.

**II. ദർഘാസ് യോഗ്യത**

1. ഏറ്റവും കുറഞ്ഞത് 3 വർഷത്തെയെങ്കിലും കൊറിയർ സേവനം നൽകിയ പരിചയം ഉണ്ടായിരിക്കണം. ഇക്കഴിഞ്ഞ 3 വർഷവും അപേക്ഷകന്റെ ഏറ്റവും പ്രധാന മേഖല കൊറിയർ സേവനം നൽകുന്നതായിരിക്കണം. കീഴ് കരാറുകാർക്കോ ഫ്രാഞ്ചൈസികൾക്കോ അപേക്ഷിക്കുവാനുള്ള അർഹതയില്ല. അപേക്ഷകന് കേരളത്തിലെ എല്ലാ ജില്ലകളിലും ശാഖകളോ ഫ്രാഞ്ചൈസികളോ ഉണ്ടായിരിക്കുകയും അവയുടെ മേൽവിലാസവും ബന്ധപ്പെടേണ്ട ഫോൺ നമ്പരുകളും അടങ്ങിയ പട്ടിക കൈമാറേണ്ടതാണ്. കഴിഞ്ഞ 3 സാമ്പത്തിക വർഷത്തിലെ (2022-23, 2023-24, 2024-25) ശരാശരി വിറ്റുവരവ് ചുരുങ്ങിയത് 1 കോടി രൂപയുള്ള സ്ഥാപനങ്ങൾക്കേ ദർഘാസിൽ പങ്കെടുക്കുവാൻ അർഹതയുള്ളൂ. അപേക്ഷകൻ ടി സാമ്പത്തിക വർഷങ്ങളിലെ ചാർട്ടേഡ് അക്കൌണ്ടന്റ് തിട്ടപ്പെടുത്തിയ ലാഭ നഷ്ട കണക്കും (Profit and Loss Account) ബാലൻസ് ഷീറ്റും സമർപ്പിക്കേണ്ടതാണ്. (2024-25 സാമ്പത്തിക വർഷത്തെ ഓഡിറ്റ് ചെയ്ത കണക്കുവിവരങ്ങൾ ലഭ്യമല്ലായെങ്കിൽ പ്രൊവിഷണൽ രേഖകൾ ഹാജരാക്കാവുന്നതാണ്.) ഇക്കഴിഞ്ഞ 3 വർഷക്കാലത്തെ സേവനം സംബന്ധിച്ച് മികവ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഓൺലൈൻ ട്രാക്കിംഗ് സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്.
2. ആരംഭത്തിൽ, കരാർ 1 വർഷത്തേക്ക് ആയിരിക്കും.
3. തൃപ്തികരമായ സേവനം കാഴ്ചവയ്ക്കുന്നതിന്റെ അടിസ്ഥാനത്തിൽ, ഉഭയകക്ഷി സമ്മതത്തോടു കൂടി നിബന്ധനകൾക്കനുസൃതമായി കരാർ കാലയളവ് മറ്റൊരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കാവുന്നതാണ്.
4. കേരള സർക്കാരിന്റെയോ/ കീഴിലുള്ള സ്ഥാപനങ്ങളുടെയോ കരിമ്പട്ടികയിൽ നിലവിൽ ഉൾപ്പെട്ടിട്ടുള്ളവർക്കോ/ കരാറിൽ നിന്നും ഒഴിവാക്കപ്പെട്ടവർക്കോ ദർഘാസിൽ പങ്കെടുക്കുവാൻ യോഗ്യതയില്ല. ദർഘാസിൽ പങ്കെടുക്കുന്നവർ '………….. (അധികാരപ്പെടുത്തിയ പ്രതിനിധിയുടെപേര്), ………… (പദവി) എന്ന ഞാൻ ………… …………………………………(സ്ഥാപനത്തിന്റെപേര്) എന്ന സ്ഥാപനം കേരളസർക്കാരിന്റെയോ/ കീഴിലുള്ള സ്ഥാപനങ്ങളുടെയോ കരിമ്പട്ടികയിൽ നിലവിൽ ഉൾപ്പെട്ടിട്ടില്ല / കരാറിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ല ' എന്ന സത്യവാങ്മൂലം നല്കേണ്ടതാണ്.
5. ദർഘാസ് വിജയി കേരളമെമ്പാടും, ഉത്തരേന്ത്യയിലും, ദക്ഷിണേന്ത്യയിലും മരുന്നുകളുടെയും മറ്റനുബന്ധ സാമഗ്രികളുടെയും കൈമാറ്റം സാധ്യമാക്കേണ്ടതാണ്. ഇവ ഉപഭോക്താക്കളുടെ വീട്ടുകളിലെത്തിച്ചു കൊടുക്കേണ്ട സാഹചര്യം ഉടലെടുത്താൽ, ടി കർത്തവ്യവും നിർവ്വഹിക്കേണ്ടതാണ്. മേഖലാടിസ്ഥാനത്തിൽ മാത്രം സേവനം ലഭ്യമാക്കുന്ന തരത്തിലുള്ള അപേക്ഷകൾ പ്രഥമദൃഷ്ട്യാ തന്നെ നിരസിക്കപ്പെടുന്നതാണ്. കാരുണ്യ മെഡിസിൻ ഡിപ്പോകളിൽ നിന്നും ദിവസേന എന്ന രീതിയിലും, മറ്റ സ്ഥാപനങ്ങളിൽ നിന്നും അറിയിപ്പ് ലഭിക്കുന്നതിനനുസരിച്ചും അതത് സ്ഥാപനത്തിലെ ആവശ്യതയ്ക്കനുസരിച്ച് മരുന്നുകളും മറ്റ് അനുബന്ധസാമഗ്രികളും അടങ്ങിയ പെട്ടികൾ ശേഖരിക്കേണ്ടതാണ്. അടിയന്തിരാവശ്യങ്ങളിൽ, ഞായറാഴ്ച ഉൾപ്പെടെയുള്ള അവധി ദിവസങ്ങളിലും ഇത് നിർവ്വഹിക്കേണ്ടതാണ്. കാരുണ്യ മെഡിസിൻ ഡിപ്പോകളുടെയും, ജില്ല മരുന്നുസംഭരണശാലകളുടെയും മേൽവിലാസത്തിനായി അനുബന്ധം കാണുക.
6. സ്ഥാപനങ്ങളിൽ നിന്നും വിതരണത്തിനായി കൊറിയർ ഏജൻസിയുടെ അംഗീകൃത പ്രതിനിധി കൈപ്പറ്റേണ്ടതും, നിർബന്ധമായും ട്രാക്കിംഗ് നമ്പർ ഉൾപ്പെടെയുള്ള രസീത് നല്കേണ്ടതുമാണ്. മരുന്ന് വിതരണത്തിനായി മെറ്റൽ കവറിംഗ് ഉള്ള വാഹനങ്ങൾ

Draft #6 of File KMSCL/ADMN/9567/2025 Approved by Managing Director on 26-Jul-2025 04:47 PM - Page 2

ഉപയോഗിക്കേണ്ടതാണ്. ടി വാഹനങ്ങൾ മരുന്ന് വിതരണത്തിന് മാത്രമായി ഉപയോഗിക്കുന്നത് അഭികാമ്യം. വിതരണത്തിനായി കൈപ്പറ്റുന്ന മരുന്നുകളും മറ്റനുബന്ധ സാമഗ്രികളും സംസ്ഥാനത്തിനകത്ത് 1 ദിവസത്തിനകവും, ദക്ഷിണേന്ത്യയിൽ 2 ദിവസത്തിനകവും, ഉത്തരേന്ത്യയിൽ 3 ദിവസത്തിനകവും എന്ന രീതിയിൽ ഉദ്ദിഷ്ടസ്ഥാനത്ത് എത്തിക്കേണ്ടതാണ്. വിതരണം ചെയ്യാത്തവ ഇതേ രീതിയിൽ തന്നെ തിരികെ എത്തിക്കേണ്ടതാണ്. സ്ഥാപനത്തിന്റെ പ്രവൃത്തി സമയങ്ങളിൽ മാത്രമേ, വിതരണം നടത്തുവാൻ പാടുള്ളതുള്ളൂ. മേൽവിലാസക്കാരനോ, അദ്ദേഹത്തിന്റെ അംഗീകൃത പ്രതിനിധിയ്ക്കോ മാത്രമാണ് മരുന്നുകളും മറ്റനുബന്ധ സാമഗ്രികളും വിതരണം നടത്തുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

7. പണം ലഭിക്കുന്നതിനായി സമർപ്പിക്കുന്ന ബില്ലിൽ പി.ഒ.ഡി. (Proof of Delivery) നം., പി.ഒ.ഡി. തീയതി, വിതരണം ചെയ്ത സമയം എന്നിവ രേഖപ്പെടുത്തിയിരിക്കണം. പി.ഒ.ഡി.-യിൽ മേൽവിലാസക്കാരന്റെയോ/ പ്രതിനിധിയുടെയോ പേരും ഒപ്പം സീലും, പ്രസ്തുത പി.ഒ.ഡി പ്രകാരം വിതരണം ചെയ്ത പെട്ടികളുടെ എണ്ണവും രേഖപ്പെടുത്തിയിരിക്കണം. ഇപ്രകാരമുള്ള പി.ഒ.ഡി.-കളും ബില്ലിന്റെ കൂടെ ഹാജരാക്കേണ്ടതാണ്. എന്നാൽ, മുഖ്യകാര്യാലയത്തിൽ നിന്നും വിവിധ ലാബുകളിലേയ്ക്ക് അയയ്ക്കുന്ന മരുന്നുകളുടെ പി.ഒ.ഡി., മരുന്നുകളെടുത്ത് ഒരാഴ്ച്ചയ്ക്കകം തന്നെ നിർബന്ധമായും നല്കേണ്ടതാണ്.
8. സമർപ്പിക്കപ്പെടുന്ന ബില്ലുകളിൽ മേൽ 1 മാസത്തിനകം തീർപ്പ് കല്പിക്കുന്നതാണ്. മരുന്നുസംഭരണശാലകളുടെ ബില്ലുകൾ അതത് സ്ഥാപനങ്ങളിലും, ബാക്കിയുള്ളവ മുഖ്യകാര്യാലയത്തിലെ അതതു ഡിവിഷനുകളിൽ തീർപ്പുകല്പിക്കപ്പെടുന്നതാണ്. വൈകി വിതരണം നടത്തുന്ന മരുന്നുകളുടെയും മറ്റനുബന്ധ സാമഗ്രികളുടെയും ബിൽ തുകയിൽ നിന്നും വൈകുന്ന ഓരോ ദിവസത്തിനും തുകയുടെ 2% പിഴ ഈടാക്കുന്നതാണ്. ശീതികരണ സംവിധാനത്തിൽ സൂക്ഷിക്കേണ്ട മരുന്നുകളുടെ കാര്യത്തിൽ പിഴ 5% ആയിരിക്കും. ഇത്തരം മരുന്നുകൾ സമുചിതമായി, ശീതികരണ സംവിധാനത്തോടു കൂടി പൊതിഞ്ഞ് 'അടിയന്തിരം - ശീതികരണ സംവിധാനത്തോടുകൂടിയത്' എന്ന ലേബലോടുകൂടി സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതാണ്. എന്നാൽ ടി മരുന്നുകൾ മേൽവിലാസക്കാരന് വിതരണം ചെയ്യുമ്പോൾ, സജ്ജീകരിച്ചു നല്കിയ ശീതികരണ സംവിധാനത്തിന് എന്തെങ്കിലും കേടുപാടുണ്ടായതായി ബോധ്യപ്പെട്ടാൽ, പ്രസ്തുത മരുന്നിന്റെ പരമാവധി വില്പ്പന തുക (എം. ആർ. പി.) ദർഘാസ് വിജയിയിൽ നിന്നും ഈടാക്കുന്നതാണ്.
9. ബില്ലുകൾ തൊട്ടടുത്തുള്ള മാസം തന്നെ കൃത്യതയോട് കൂടി സമർപ്പിക്കേണ്ടത് ദർഘാസ് വിജയിയുടെ ഉത്തരവാദിത്തമാണ്. സേവനം നല്കി 3 മാസത്തിന് ശേഷം സമർപ്പിക്കപ്പെടുന്ന ബില്ലുകൾ സ്വീകരിക്കുന്നതോ, അതിൻമേൽ യാതൊരുവിധത്തിലുമുള്ള നടപടികൾ സ്വീകരിക്കുന്നതോ അല്ല.
10. ദർഘാസ് വിജയി നേരിട്ടാണ് സേവനം നല്കേണ്ടത്. ആയത്, കീഴ്കരാർ കൊടുക്കുന്നത് അനുവദനീയമല്ല.
11. '0-1000 കിലോഗ്രാം', '1001-3000 കിലോഗ്രാം', '3000 കിലോ ഗ്രാമിന് മുകളിൽ' എന്നീ വിഭാഗങ്ങളിലേക്കായാണ് തുക സമർപ്പിക്കേണ്ടത്. ഒരോ കിലോഗ്രാമിനും വേണ്ട തുകയാണ്. സമർപ്പിക്കേണ്ടത്. നിലവിൽ കോർപറേഷൻ കൈകാര്യം ചെയ്തുവരുന്ന മൊത്തം തൂക്കത്തിന്റെ 80 ശതമാനം 0-3000 കിലോഗ്രാം വിഭാഗത്തിലും, 20 ശതമാനം 3000 കിലോഗ്രാമിന് മുകളിലുള്ള വിഭാഗത്തിലും ആയിട്ടാണുള്ളത്. ഇതിൽ 0-1000 കിലോഗ്രാം വിഭാഗത്തിൽ ഏറ്റവും കുറഞ്ഞ തുക സമർപ്പിക്കുന്ന ഏജൻസിയെയാണ് ദർഘാസ് വിജയിയായി പ്രഖ്യാപിക്കുന്നത്. എന്നാൽ മറ്റ് വിഭാഗങ്ങളിൽ ഇ-ദർഘാസിലെ ഏറ്റവും കുറഞ്ഞ ക്വാട്ട് തുകയേതാണോ ആ തുകയിലായിരിക്കണം ദർഘാസ് വിജയി സേവനം നൽകേണ്ടത്.

ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ദർഘാസിൽ പങ്കെടുക്കുന്ന സ്ഥാപനം | ബിഡിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക | | |
|---|---|---|---|---|
| | | 0-1000 കിലോ ഗ്രാം | 1001-3000 കിലോ ഗ്രാം | 3000 കിലോ ഗ്രാമിന് മുകളിൽ |
| 1 | M/s X Courier Agency | 9 | 6 | 5 |

Draft #6 of File KMSCL/ADMN/9567/2025 Approved by Managing Director on 26-Jul-2025 04:47 PM - Page 3

| | | | | |
|---|---|---|---|---|
| 2 | M/s Y Courier Agency | 8 | 7 | 6 |
| 3 | M/s Z Courier Agency | 10 | 8 | 4 |

മേൽ വിശദീകരിക്കും പ്രകാരം M/s Y Courier Agency ദർഘാസ് വിജയിയായി പ്രഖ്യാപിക്കപ്പെട്ടുകയും ടി കൊറിയർ ഏജൻസി 1001-3000 കിലോ ഗ്രാം തൂക്കം വരുന്ന കൺസൈൻമെന്റുകൾ 6 രൂപയും 3000 കിലോ ഗ്രാമിന് മുകളിൽ വരുന്ന കൺസൈൻമെന്റുകൾ 4 രൂപയും ആയിരിക്കും സേവനം നടത്തുക.

12. തുക സമർപ്പിക്കേണ്ടതും ഓൺലൈനിലൂടെ മാത്രമാണ്. സമർപ്പിക്കുന്ന തുക എല്ലാ നികുതികളും, മറ്റു ചാർജ്ജുകളും ഉൾപ്പടെയായിരിക്കണം. കരാർ കാലയളവത്രയും തുക സ്ഥിരമായിരിക്കും, ഒരു കാരണവശാലും തുകയ്ക്ക് വ്യതിയാനം സംഭവിക്കുകയില്ല. 1 കി. ഗ്രാം വരെ ഈ തുകയും, അതിനു മുകളിലെ ഓരോ ഗ്രാമിനും ആനുപാതികമായ തുകയുമായിരിക്കും കണക്കിലെടുക്കുന്നത്.
13. ദർഘാസ് വിജയി ഏകദേശം 280 ടൺ - 340 ടൺ മരുന്നും മറ്റ് അനുബന്ധ സാമഗ്രികളും പ്രതിമാസം കൈകാര്യം ചെയ്യേണ്ടതായി വരും. ഇതിൽ ഏകദേശം 5% ദക്ഷിണേന്ത്യയിലും, 5% ഉത്തരേന്ത്യയിലുമായിട്ടായിരിക്കും.
14. കരാർ കാലയളവിൽ, ആഭ്യന്തര കലാപം, സ്ഫോടനം, അല്ലെങ്കിൽ വെള്ളപ്പൊക്കം മുതലായ പ്രകൃതി ദുരന്തങ്ങളോ കാരണം വിതരണം മൊത്തമായോ, ഭാഗികമായോ തടസ്സപ്പെട്ടാൽ, അത് തൽക്ഷണം കോർപ്പറേഷനെ അറിയിക്കേണ്ടതാണ്.
15. സ്ഥാപനങ്ങളിൽ നിന്നും വിതരണത്തിനുള്ളവ കൈപ്പറ്റി, രസീത് നല്കുന്ന സമയം മുതൽ മേൽവിലാസക്കാരനിൽ നിന്നും ഒപ്പിട്ട പി.ഒ.ഡി. ലഭിക്കുന്നതു വരെ, മരുന്നിന്റെ പൂർണ്ണ ചുമതലയും ഉത്തരവാദിത്തവും ഉടമസ്ഥതയും കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും. ആകയാൽ മരുന്നുകളും മറ്റ് അനുബന്ധ സാമഗ്രികളും കരാറുകാരന്റെ വാഹനത്തിലേക്ക് കയറ്റുന്നതും, ലക്ഷ്യസ്ഥാനത്ത് അവ ഇറക്കുന്നതും ഇറക്ക്കൂലി നൽകുന്നതും കരാറുകാരന്റെ പൂർണ്ണ ഉത്തരവാദിത്തമായിരിക്കും.
16. വഴിമദ്ധ്യേ ഉണ്ടാകാനിടയുള്ള അനിഷ്ട സംഭവങ്ങൾക്കോ, അത്യാഹിതങ്ങൾക്കോ അനന്തരഫലമായി നല്കേണ്ടിവന്നേക്കാവുന്ന നഷ്ടപരിഹാരങ്ങൾക്കോ കരാറുകാരൻ ഉത്തരവാദ പ്പെട്ടിരിക്കുന്നു.
17. കരാർ കാലയളവിലെപ്പോഴെങ്കിലും വ്യവസ്ഥാപ്രകാരം ജോലികൾ നിർവ്വഹിക്കപ്പെടുന്നില്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസിയെ നിയോഗിക്കുവാനോ, ബദൽ സംവിധാനം ഏർപ്പെടുത്തുവാനോ ഉള്ള അവകാശം ദർഘാസ് അധികാരിക്ക് ഉണ്ടാകുന്നതാണ്. തന്മൂലം, കോർപ്പറേഷന് ഉണ്ടാകുന്ന നഷ്ടം കരാറുകാരനിൽ നിന്നും വസൂലാക്കുന്നതാണ്.
18. മേൽ ഖണ്ഡിക 14-ൽ പരാമർശിച്ച സാഹചര്യം ഒഴിച്ച്, ഉഭയകക്ഷി ഉടമ്പടി പ്രകാരം സമ്മതിച്ച രീതിയിൽ സേവനം നല്കുന്നതിൽ പരാജയപ്പെട്ടാൽ, ഉടമ്പടി റദ്ദാക്കുകയും മുഴുവൻ പെർഫോർമൻസ് സെക്യൂരിറ്റി തുകയും കണ്ടുകെട്ടുന്നതായിരിക്കും. പാഴ്സലിനോ, അതിലടങ്ങിയിരിക്കുന്ന വസ്തുക്കൾക്കോ എന്തെങ്കിലും തരത്തിലുള്ള കേടുപാടുകൾ മാർഗ്ഗമദ്ധ്യേ സംഭവിച്ചതായി ഇവയുടെ സ്വീകർത്താവ് റിപ്പോർട്ട് ചെയ്താൽ, അവയുടെ പരമാവധി റീട്ടെയിൽ തുക (എം. ആർ. പി.) ഇനിയും തീർപ്പാകല്പ്പിക്കാത്ത ബില്ലുകളിൽ നിന്നോ, പെർഫോർമൻസ് സെക്യൂരിറ്റി തുകയിൽ നിന്നോ വസൂലാക്കുന്നതായിരിക്കും. എന്തെങ്കിലും കാരണവശാൽ തുക മുഴുവനായും ഈ രീതിയിൽ വസൂലാക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടായാൽ, റവന്യൂ റിക്കവറി മുതലായ മാർഗ്ഗങ്ങൾ കോർപ്പറേഷൻ സ്വീകരിക്കുന്നതായിരിക്കും.
19. ദർഘാസ് വിജയി കോർപ്പറേഷനിൽ നിന്നുമുള്ള താല്പ്പര്യപ്പത്രിക ലഭിച്ച് 10 ദിവസത്തിനകം പെർഫോർമൻസ് സെക്യൂരിറ്റി തുക അടയ്ക്കേണ്ടതും കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറുമായി കരാറിലേർപ്പെടേണ്ടതുമാണ്. അല്ലാത്ത പക്ഷം, നിരതദ്രവ്യം കണ്ടുകെട്ടുന്നതും, താല്പ്പര്യപ്പത്രിക റദ്ദാകുന്നതുമാണ്. കരാർ പ്രകാരമുള്ള നിബന്ധനകളും വ്യവസ്ഥകളും പാലിക്കുവാൻ പരാജയപ്പെടുന്ന പക്ഷം ഉടമ്പടി റദ്ദാക്കുകയും ടി സെക്യൂരിറ്റി തുക കണ്ടുകെട്ടുന്നതുമായിരിക്കും.
20. കരാറുകാരനെ രേഖാമൂലം അറിയിച്ച് 15 ദിവസത്തിനകം ഉടമ്പടി അവസാനിപ്പിക്കുവാനുള്ള പൂർണ്ണ അധികാരം കോർപ്പറേഷന് ഉണ്ടായിരിക്കും. എന്നിരുന്നാലും, ബദൽ സംവിധാനം

Draft #6 of File KMSCL/ADMN/9567/2025 Approved by Managing Director on 26-Jul-2025 04:47 PM - Page 4

ഏർപ്പെടുത്തുന്നതു വരെ പരസ്പരസമ്മതത്തോടു കൂടി നോട്ടീസ് കാലയളവ് ദീർഘിപ്പിക്കാവുന്നതാണ്.

21. അശ്രദ്ധ, പ്രാപ്തിക്കുറവ്, കൃത്രിമം കാണിക്കുക, അപഹരണം നടത്തുക, മന:പൂർവ്വമെന്ന് കരുതാവുന്ന വീഴ്ച വരുത്തുക മുതലായ വിധത്തിൽ കോർപ്പറേഷന് നഷ്ടം വരുത്തുകയോ കരാറുകാരനോ/ കീഴുദ്യോഗസ്ഥരോ അപമര്യാദയായി പെരുമാറുകയോ, ഉടമ്പടി പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെ വരികയോ ചെയ്താൽ നോട്ടീസ് പോലും നല്കാതെ ഉടമ്പടി അവസാനിപ്പിക്കുന്നതായിരിക്കും. തുടർന്ന്, മറ്റേതെങ്കിലും ഏജൻസിയെ ഏർപ്പാടാക്കുകയും, വരുന്ന അധിക ചെലവ് കരാറുകാരനിൽ നിന്നും ഈടാക്കുകയും ചെയ്യും. വീഴ്ച വരുത്തിയ കരാറുകരനെ 2 വർഷത്തേക്ക് കരിമ്പട്ടികയിൽ പെടുത്തുകയും ഇക്കാലയളവിൽ കെ.എം.എസ്.സി.എൽ- ന്റെ ദർഘാസുകളിൽ പങ്കെടുക്കുവാനുള്ള അവകാശം ഉണ്ടായിരിക്കുകയും ചെയ്യുന്നതല്ല.
22. കോർപ്പറേഷനുമായി ഇടപ്പെടുന്ന കരാറുകാരന്റെ ഫ്രാഞ്ചൈസികളും കരാർ നിബന്ധനകളും വ്യവസ്ഥകളും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്തം കരാറുകാരനുണ്ട്.
23. സ്ഥാപനത്തിൽ നിന്നും പാഴ്സൽ ശേഖരിച്ച് മേൽവിലാസക്കാരന് എത്തിച്ചേരുന്നത് വരെയുള്ള ഓൺലൈൻ ട്രാക്കിങ് സംവിധാനം ലഭ്യമാക്കേണ്ടതും സ്വീകർത്താവിന്റെ പേരും ഒപ്പും സീലും ട്രാക്കിങ് നമ്പറും അടങ്ങിയ രേഖയുടെ ചിത്രം വ്യക്തമായി പ്രദർശിപ്പിക്കേണ്ടതുമാണ്.
24. പ്രൈസ്ബിഡ് തുറക്കുന്നതിനു മുമ്പായി, സാങ്കേതിക ബിഡ് വിജയിച്ചവർ ഓൺലൈൻ ട്രാക്കിങ് സംവിധാനം പ്രദർശിപ്പിച്ച് ബോധ്യപ്പെടുത്തേണ്ടതാണ്.

**<u>III. ദർഘാസ് സമർപ്പണം</u>**

1. ദർഘാസ് സമർപ്പണം പൂർണ്ണമായും ഇ-ടെൻഡർ പോർട്ടൽ മുഖാന്തിരമാണ് നടത്തേണ്ടത്. ദർഘാസ് സമർപ്പണത്തിന് 2 ഘടനകളാണ് ഉള്ളത്. (1) ടെക്നിക്കൽ ബിഡ് (2) ഫിനാൻഷ്യൽ ബിഡ്. ടെക്നിക്കൽ ബിഡ്-ന്റെ കൂടെ സമർപ്പിക്കേണ്ട രേഖകൾ

- ദർഘാസ് അപേക്ഷകനെ സംബന്ധിച്ചുള്ള പൊതുവായ വിവരങ്ങൾ - അനുബന്ധം കാണുക.
- സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് , ജി.എസ്.ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പാൻ കാർഡ് മുതലായവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
- കൊറിയർ സേവന മേഖലയിൽ ഇക്കഴിഞ്ഞ 3 വർഷക്കാലത്തെ പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
- സംസ്ഥാനത്തിനകത്തെ എല്ലാ ജില്ലയിലുമുള്ള ഓഫീസുകൾ / ഫ്രാഞ്ചൈസുകളുടെ പട്ടിക.
- ഇക്കഴിഞ്ഞ 3 സാമ്പത്തിക വർഷത്തെ ചാർട്ടേഡ് അക്കൌണ്ടന്റ് ഓഡിറ്റ് ചെയ്ത പ്രോഫിറ്റ് / ലോസ്റ്റ് അക്കൌണ്ട് & ബാലൻസ് ഷീറ്റ് (2022-23, 2023-24, 2024-25) ( 2024-25 സാമ്പത്തിക വർഷത്തെ audit ചെയ്ത കണക്കു വിവരങ്ങൾ ലഭ്യമല്ലായെങ്കിൽ, പ്രൊവിഷണൽ രേഖകൾ ഹാജരാക്കാവുന്നതാണ്.)

2. നിരതദ്രവ്യമായ ₹ 81,449/-, ദർഘാസ് തുകയായ ₹ 14,514/- എന്നിവ ഇ-ടെൻഡർ പോർട്ടലിലൂടെ ഓൺലൈനായി സമർപ്പിക്കേണ്ടതും, അല്ലാത്തപക്ഷം, ആദ്യ റൗണ്ടിൽ തന്നെ ദർഘാസ് അപേക്ഷ തിരസ്കരിക്കപ്പെടുവാനുള്ള പ്രധാനപ്പെട്ട കാരണമാവുകയും ചെയ്യും.
3. ഇ-ദർഘാസ് പോർട്ടലിൽ ലഭ്യമായിട്ടുള്ള പ്രൈസ് ബിഡ് മാതൃക ഫയൽ ഡൌൺലോഡ് ചെയ്ത്, വാഗ്ദാനം ചെയ്യുന്ന തുക രേഖപ്പെടുത്തി അപ്ലോഡ് ചെയ്യേണ്ടതുമാണ്. മറ്റേതെങ്കിലും ഫയലിൽ സമർപ്പിക്കുന്ന പ്രൈസ് ബിഡ് കണക്കിലെടുക്കാതിരിക്കുകയും, താരതമ്യം ചെയ്യുന്നതിനോ പട്ടിക തയ്യാറാക്കുന്നതിനോ പരിഗണിക്കാതിരിക്കുകയും ചെയ്യുന്നതായിരിക്കും. മേൽ പ്രസ്താവിച്ചിരിക്കുന്നതു പോലെ ടെക്നിക്കൽ ബിഡ്- ന്റെ കൂടെ രേഖകൾ സമർപ്പിച്ച്, പരിശോധനയ്ക്ക് ശേഷം യോഗ്യരെന്ന് കണ്ടെത്തിയവരുടെ പ്രൈസ് ബിഡ് മാത്രമേ തുറക്കുന്നതിന് പരിഗണിക്കുകയുള്ളൂ.
4. വാഗ്ദാനം ചെയ്യുന്ന തുക, എല്ലാ നികുതിയും/ ചുങ്കങ്ങളും/ മറ്റു തുകകളും ഉൾപ്പെടെയുള്ളതായിരിക്കണം.

**<u>IV ദർഘാസ് മൂല്യനിർണ്ണയം</u>**

1. '0-1000 കി.ഗ്രാം വിഭാഗത്തിൽ' ഏറ്റവും താഴ്ന്ന തുക സമർപ്പിക്കുന്ന അപേക്ഷകനായിരിക്കും ദർഘാസ് വിജയി. ഒന്നിലധികം അപേക്ഷകർക്ക് തുക തുല്യമായി വരികയാണെങ്കിൽ

Draft #6 of File KMSCL/ADMN/9567/2025 Approved by Managing Director on 26-Jul-2025 04:47 PM - Page 5

തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, എറണാകുളം, തൃശ്ശൂർ മുതലായ ജില്ലകളിലെ പിക്-അപ് പോയിന്റുകളുടെ ആകെ എണ്ണം കൂടുതലുള്ളവരായിരിക്കും ദർഘാസ് വിജയിക്കുന്നത്. മേൽ സാഹചര്യം ഉണ്ടായാൽ പിക്ക് -അപ് പോയിന്റുകളുടെ എണ്ണം സാധൂകരിക്കുന്ന രേഖ സമർപ്പിക്കേണ്ടതാണ്.

2. ഓൺലൈനായി സമർപ്പിച്ചിട്ടുള്ള ബിഡുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.
3. അപൂർണ്ണമായിട്ടുള്ള അപേക്ഷകൾ തിരസ്കരിക്കുന്നതാണ്.
4. ദർഘാസ് പ്രക്രിയയിലുടനീളം സുതാര്യത നിലനിർത്തുന്നതിലേയ്ക്കായി ഉചിതമായ സമയത്ത് ഇ-ടെൻഡർ പോർട്ടലിലോ, കോർഷറേഷന്റെ വെബ്സൈറ്റിലോ താഴെ പറയുന്ന അറിയിപ്പുകൾ ദർഘാസ് അധികാരി പ്രസിദ്ധീകരിക്കുന്നതായിരിക്കും.

- ദർഘാസ് നോട്ടീസ്, രേഖ, പരിഷ്കരണം, തിരുത്തൽ, അനുബന്ധം മുതലായവ.
- ടെക്നിക്കൽ ബിഡ് -ന് ശേഷം യോഗ്യത നേടിയവരുടെ അവസാന പട്ടിക.
- ഓൺലൈൻ പ്രൈസ് ബിഡ് തുറന്നതിന്റെ സംഗ്രഹം.

ദർഘാസ് പൂർത്തിയാകുന്നത് വരെ ദിവസേന കോർഷറേഷന്റെ വെബ്സൈറ്റോ, ഇ.-ദർഘാസ് പോർട്ടലോ മേല്പറഞ്ഞവയ്ക്കായി പരിശോധിക്കേണ്ടതാണ്.

5. ദർഘാസ് അധികാരിയോ അദ്ദേഹം ചുമതലപ്പെടുത്തിയ പ്രതിനിധികളോ ടെക്നിക്കൽ ബിഡ്, പ്രൈസ് ബിഡ്" എന്നിവ ഓൺലൈനായി നിശ്ചിത ദിവസം തുറന്ന് പരിശോധിക്കുന്നതാണ്. രജിസ്റ്റേർഡ് ഡിജിറ്റൽ ഒപ്പ് ഉപയോഗിച്ച് ദർഘാസ് അപേക്ഷകർ/ പ്രതിനിധികൾ ഇ-ദർഘാസ് പോർട്ടലിൽ പ്രവേശിച്ച് ഓൺലൈൻ ബിഡ് തുറക്കലിൽ സംബന്ധിക്കാവുന്നതാണ്. ടെക്നിക്കൽ പ്രൈസ് ബിഡ് തുറക്കുന്നതിനായി കോർപ്പറേഷൻ്റെ ഓഫീസിൽ ദർഘാസ് അപേക്ഷകരോ അവരുടെ പ്രതിനിധികളോ എത്തേണ്ടതില്ല. ആവശ്യമായ രേഖകൾ ഉണ്ടാവാതിരിക്കുകയോ, അവശ്യം വേണ്ട യോഗ്യതകൾ ഇല്ലാത്തതിനാൽ അയോഗ്യരാവുകയോ ചെയ്താൽ. ദർഘാസ് അപേക്ഷ തിരസ്കരിക്കുന്നതായിരിക്കും. എന്നിരുന്നാലും, അവസാന റൗണ്ട് വരെയും പരമാവധി മത്സരം ഉറപ്പവരുത്തുന്നതിലേക്കായി രേഖകൾ സമർപ്പിച്ചിട്ടുള്ളതിലെ ചെറിയ പിഴവുകൾ തിരുത്തുന്നതിന് അവസരം നല്കുന്നതായിരിക്കും. ഇ-ദർഘാസ് പോർട്ടലിൽ വ്യക്തമാക്കിയിരിക്കുന്ന രീതിയിലും മാതൃകയിലും പ്രസക്തമായ രേഖകൾ യഥാവിധി അപ്ലോഡ് ചെയ്യേണ്ട ഉത്തരവാദിത്തം ദർഘാസ് അപേക്ഷകനിൽ നിക്ഷിപ്തമായിരിക്കും. ഓൺലൈൻ ബിഡ് സമർപ്പിക്കുന്ന വേളയിൽ സംഭവിക്കുന്ന തെറ്റുകൾക്കും പിശകുകൾക്കും ദർഘാസ് അധികാരി ഉത്തരവാദിയായിരിക്കുകയില്ല.

<u>V തർക്ക പരിഹാരം</u>

1. ഉടമ്പടി സംബന്ധിച്ച് എന്തെങ്കിലും തർക്കമോ/ അഭിപ്രായ വ്യത്യാസമോ ദർഘാസ് അധികാരിയും കരാറുകാരനും തമ്മിൽ ഉണ്ടാവുകയാണെങ്കിൽ, പരസ്പര കൂടിയാലോചനയിലൂടെ സൌഹാർദ്ദപരമായി പരിഹരിക്കുവാനുള്ള എല്ലാ ശ്രമവും ഇരുകൂട്ടരുടെയും ഭാഗത്ത് നിന്നും ഉണ്ടാവേണ്ടതാണ്..
2. ഈ രീതിയിൽ പരിഹരിക്കാനായില്ലെങ്കിൽ കേരള സർക്കാറിന്റെ ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ മദ്ധ്യസ്ഥതയിൽ തർക്കപരിഹാരം കാണാവുന്നതാണ്.
3. തർക്കം ആരംഭിച്ച് 21 ദിവസത്തിനകം പരസ്പരകൂടി യാലോചനയിൽ പരിഹാരം കണ്ടെത്താനായില്ലെങ്കിലാണ്, മദ്ധ്യസ്ഥന്റെ സഹായം തേടേണ്ടതും, ഇക്കാര്യം എതിർപക്ഷത്തെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

Draft #6 of File KMSCL/ADMN/9567/2025 Approved by Managing Director on 26-Jul-2025 04:47 PM - Page 6

Draft #6 of File KMSCL/ADMN/9567/2025 Approved by Managing Director on 26-Jul-2025 04:47 PM - Page 7

**അനുബന്ധം - 1**

**ദർഘാസ് അപേക്ഷകനെ സംബന്ദിച്ച പൊതു വിവരങ്ങൾ**

**(ഇ-ദർഘാസ് പോർട്ടലിലൂടെ സമർപ്പിക്കേണ്ടത്)**

.

| | | | |
|---|---|---|---|
| 1 | കൊറിയർ സേവനദാതാവിന്റെ പേരും മേൽവിലാസവും, ടെലി ഫോൺ നം. മൊബൈൽ നം.. ഇ-മെയിൽ വിലാസം | : | <br><br><br>മൊബൈൽ നം:<br>ഇ-മെയിൽ വിലാസം: |
| 2 | സ്ഥാപനത്തിന്റെ ഇനം (പ്രൊപ്രൈറ്റർഷിപ്പ്/പാർട്ണർഷിപ്പ്/ പ്രൈ ലി./ ലിമിറ്റഡ് കമ്പനി) | : | |
| 3 | സ്ഥാപനം രജിസ്റ്റർ ചെയ്ത വർഷം (രേഖ ചേർക്കണം) | : | |
| 4 | സ്ഥാപനത്തിൻ്റെ ഉയർന്ന അധികാരിയുടെ പേരും പദവിയും (ചെയർമാൻ/ മാനേജിംഗ് ഡയറക്ടർ/മാനേജിംഗ് പാർട്ണർ) | : | പേര്:<br>പദവി:<br>ബന്ധപ്പെടേണ്ട നം:<br>ഇ-മെയിൽ അഡ്രസ്സ്:<br>തപാൽ മേൽവിലാസം: |
| 5 | സ്ഥാപനത്തിന്റെ കേരളത്തിലെ ഉയർന്ന | : | പേര്:<br>പദവി:<br>ബന്ധപ്പെടേണ്ട നം:<br>ഇ-മെയിൽ അഡ്രസ്സ്: |

| | | | |
|---|---|---|---|
| 5 | അധികാരിയുടെ പേരും പദവിയും | : | തപാൽ മേൽവിലാസം: |
| 6 | കൊറിയർ സേവന മേഖലയിൽ എത്ര വർഷത്തെ പരിചയം (ആയതിന്റെ മികവ് തെളിയിക്കുന്ന രേഖ ചേർക്കണം) | : | |
| 7 | ജി. എസ്. ടി. എൻ. (രേഖ ചേർക്കണം) | : | |
| 8 | കേരള സർക്കാരിന്റെയോ കീഴിലുള്ള സ്ഥാപനങ്ങളുടെയോ കരിമ്പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോ/ കരാറിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടോ | : | ഉണ്ട്/ ഇല്ല<br>'ഇല്ല' എങ്കിൽ സത്യവാങ്മൂലം നല്കിയിട്ടുണ്ടോ? |
| 9 | പാൻ (രേഖ ചേർക്കണം) | : | |
| 10 | ഓൺലൈൻ ട്രാക്കിങ്ങ് സംവിധാനം ഉണ്ടോ? | : | |

മേൽ പ്രസ്താവിച്ചിരിക്കുന്ന വിവരങ്ങളെല്ലാം സത്യമാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ദർഘാസ് രേഖയിലെ നിബന്ധനകളും വ്യവസ്ഥകളും മനസ്സിലാക്കുന്നുവെന്നും, അതെല്ലാം അംഗീകരിക്കുന്നു വെന്നും സാക്ഷ്യപ്പെടുത്തുന്നു.

സേവനദാതാവ് ചുമതലപ്പെടുത്തിയ പ്രതിനിധിയുടെ പേരും, പദവിയും, ഒപ്പും

സ്ഥാപനത്തിന്റെ സീൽ

തീയതി :
സ്ഥലം :

Draft #6 of File KMSCL/ADMN/9567/2025 Approved by Managing Director on 26-Jul-2025 04:47 PM - Page 8

**അനുബന്ധം - 2**

**എല്ലാ ജില്ലയിലുമുള്ള ഓഫീസുകൾ/ഫ്രാഞ്ചൈസികളുടെ പട്ടിക**

| ക്രമ നം. | ജില്ല | പ്രധാനപ്പെട്ട ഓഫീസ്/ ഫ്രാഞ്ചൈസിയുടെ മേൽവിലാസം | ബന്ധപ്പെടേണ്ട വ്യക്തി | ബന്ധപ്പെടേണ്ട നം. | ജില്ലയിലുള്ള മൊത്തം പിക്ക് അപ്പ് പോയിന്റുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | | | | |
| 2 | കൊല്ലം | | | | |
| 3 | പത്തനംതിട്ട | | | | |
| 4 | ആലപ്പുഴ | | | | |
| 5 | ഇടുക്കി | | | | |
| 6 | കോട്ടയം | | | | |
| 7 | എറണാകുളം | | | | |
| 8 | തൃശ്ശൂർ | | | | |
| | | | | | |

Draft #6 of File KMSCL/ADMN/9567/2025 Approved by Managing Director on 26-Jul-2025 04:47 PM - Page 9

| | | | | | |
|---|---|---|---|---|---|
| 9 | പാലക്കാട് | | | | |
| 10 | മലപ്പുറം | | | | |
| 11 | കോഴിക്കോട് | | | | |
| 12 | വയനാട് | | | | |
| 13 | കണ്ണൂർ | | | | |
| 14 | കാസറഗോഡ് | | | | |

സേവനദാതാവ് ചുമതലപ്പെടുത്തിയ പ്രതിനിധിയുടെ പേരും, പദവിയും, ഒപ്പും

സ്ഥാപനത്തിന്റെ സീൽ

തീയതി :
സ്ഥലം :

Draft #6 of File KMSCL/ADMN/9567/2025 Approved by Managing Director on 26-Jul-2025 04:47 PM - Page 10

Draft #6 of File KMSCL/ADMN/9567/2025 Approved by Managing Director on 26-Jul-2025 04:47 PM - Page 11

**കാരുണ്യ ഡിപ്പോയുടേയും ജില്ല മരുന്നുസംഭരണശാലകളുടെയും മേൽവിലാസം**

| | |
|---|---|
| 1. Karunya Medicine Depot,<br>Medical College New OP Building.<br>Thiruvananthapuram.<br>depotvm.kmscl@kerala.gov.in<br>0471-2553300, 9495639141 | 2. Karunya Medicine Depot,<br>State Warehousing Corporation Building,<br>Karicode, Kollam.<br>depoklm.kmscl@kerala.gov.in<br>0474-2794807,9746090609 |
| 3) Karunya Medicine Depot,<br>General Hospital Compound, Ernakulam.<br>depoekm.kmscl@kerala.gov.in<br>0484-2351810, 9947135170 | 4) Karunya Medicine Depot.<br>General Hospital Compound,<br>Thrissur<br>depotsr.kmscl@kerala.gov.in<br>9490005600 |
| 5) Karunya Medicine Depot,<br>Malapparambu,Kozhikkode.<br>depokkd.kmscl@kerala.gov.in<br>0495-2370735, 9745489530 | |
| | |
| 1) District Drug Warehouse,<br>DMO Compound, General Hospital,<br>Palayam, Trivandrum-695035<br>mgrtvm.kmscl@kerala.gov.in<br>0471-2470222 9496003900 | 2) District Drug Warehouse,<br>Kinfra, Menamkulam, Kazhakuttom,<br>Trivandrum-695586<br>mgrkinfra.kmscl@kerala.gov.in<br>0471-2704277 9447065063 |
| 3) District Drug Warehouse,<br>Kerala State Warehousing Corporation,<br>Karikkode P.O, Karikkode Kollam<br>Pin Code: 691005<br>mgrklm.kmscl@kerala.gov.in | 4) District Drug Warehouse<br>K.P Road, Near Malabar Gold,<br>Kannamkode, Adoor, Pathanamthitta<br>Pin: 691523<br>mgrpta.kmscl@kerala.gov.in<br>04734-223442 9496004600 |
| 5) District Drug Warehouse,<br>Near Nursing College, Vandanam P O,<br>Ambalappuzha<br>Alappuzha 688001<br>mgralp.kmscl@kerala.gov.in<br>0477-2282302 9496004700 | 6) District Drug Warehouse,<br>Behind Govt. HSS, Arpookkara<br>Near Govt. Medical College<br>Kottayam- 686008<br>mgrktm.kmscl@kerala.gov.in<br>0481-2790618 9496004800 |
| 7) District Drug Warehouse,<br>Near Idukki Govt. Medical College.<br>Idukki Colony PO, Cheruthoni.,<br>Idukki. Pin-685602<br>mgridk.kmscl@kerala.gov.in<br>0486-2232228 9496004900 | 8) District Drug Warehouse,<br>Udyogamandal, Near St. Joseph Hospital,<br>Manjummel, Ernakulam-683501<br>mgrekm.kmscl@kerala.gov.in<br>0484-2555009 9496005400 |
| 9) District Drug Warehouse,<br>High Road, Opp. Police Officer's Quarters,<br>Thrissur-680001<br>mgrtsr.kmscl@kerala.gov.in<br>0487-2423369 9447791387 | 10) District Drug Warehouse,<br>District Hospital Compound,<br>Court Road, Palakkad-678001<br>mgrpkd.kmscl@kerala.gov.in<br>0491-2533336 9496006200 |
| 11) District Drug Warehouse,<br>Kerala State Warehousing Corporation.<br>Near Fire Force Station-Tirur, Tirur(Po), | 12) District Drug Warehouse<br>State Warehousing Corporation Compound,<br>Karuvambram P.O., Cheranni, Manjeri, |

| | |
|---|---|
| Malapuram- 676101<br>mgrtirur.kmscl@kerala.gov.in<br>0494-2426759 9496003914 | Malapuram District.-676123<br>mqrmpm.kmscl@kerala.gov.in<br>0483-2760744 9496005800 |
| 13) District Drug Warehouse,<br>Karuvannur Post Naduvannur (Via)<br>Kozhikode, Pin-673614<br>Kozhikode Kuttiady Highway,<br>mgrkkd.kmscl@kerala.gov.in<br>0496-2653930 9496006400 | 14) District Drug Warehouse,<br>State Ware House Building,<br>Near Fathima Hospital, Pinangode Road,<br>Kalpetta, Wayanad -673121<br>mgrwyd.kmscl@kerala.gov.in<br>0493-6202898 9496006500 |
| 15) District Drug Warehouse,<br>Harichandra Weaving Mill's Compound (HWM), Near Lakshmanan Kada Bus Stop,<br>Thana Kakkad, Road, Kannur-670002<br>mgrknr.kmscl@kerala.gov.in<br>0497-2705046 9496006700 | 16) District Drug Warehouse,<br>Near Old District Hospital, Kanhangad,<br>Kasaragod-671315<br>mgrkzd.kmscl@kerala.gov.in<br>0467-2206464 9496006900 |

Draft #6 of File KMSCL/ADMN/9567/2025 Approved by Managing Director on 26-Jul-2025 04:47 PM - Page 12

Draft #6 of File KMSCL/ADMN/9567/2025 Approved by Managing Director on 26-Jul-2025 04:47 PM - Page 13

**ഇ-ദർഘാസ് പ്രക്രിയയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ**

1. ദർഘാസിൽ പങ്കെടുക്കുന്നതിനായി www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യണം.
2. സംശയനിവാരണത്തിനായി കേരള സ്റ്റേറ്റ് ഐ.റ്റി മിഷനെ ബന്ധപ്പെടാവുന്നതാണ്. ഫോൺ നം. - 0471 2577088, 2577188, 2577388, 04842336006, 2332262. ഇ-മെയിൽ - etendershelp@ kerala.gov.in, helpetender@gmail.com.
3. ദർഘാസ് രേഖ ഡൌൺലോഡ് ചെയ്യുക, ബിഡ് സാമർപ്പിക്കുക (ടെക്നിക്കൽ, പ്രൈസ്), ടെക്നിക്കൽ ബിഡ് തുറക്കുക, പ്രൈസ് ബിഡ് തുറക്കുക മുതലായവയാണ് ഓൺലൈൻ ദർഘാസ് പ്രക്രിയയുടെ വിവധ ഘട്ടങ്ങൾ.
4. ഇ-ടെൻഡർ സൈറ്റിലുള്ള പ്രൈസ് ബിഡ് (BOQ) ഡൌൺലോഡ് ചെയ്ത് പൂരിപ്പിച്ച് ഫയലിന്റെ പേര് മാറ്റാതെ അപ്ലോഡ് ചെയ്യുക.
5. SBI Multi Option Payment System മുഖേന വിവിധ ദേശസാൽകൃത/ സ്വകാര്യ ബാങ്കുകൾ നല്കുന്ന നെറ്റ് ബാങ്കിംഗ് സൌകര്യം പ്രയോജനപ്പെടുത്തി ദർഘാസ് രേഖയുടെ തുകയും, നിരതദ്രവ്യവും ഒടുക്കാവുന്നതാണ്.
6. ടി സൌകര്യങ്ങൾ ഉപയോഗപെടുത്തുമ്പോൾ നല്കേണ്ടി വരുന്ന transaction charges അപേക്ഷകൻ വഹിക്കേണ്ടതാണ്.
7. അപേക്ഷകന്റെ പണമിടപാട് "വിജയകരമായി പൂർത്തീകരിച്ചു" (Success) എന്ന് കാണിച്ചാൽ മാത്രമ, ദർഘാസ് മൂല്യനിർണ്ണയത്തിനായി പരിഗണിക്കുകയുള്ളൂ.
8. ബിഡ് സമർപ്പണം പൂർത്തീകരിക്കുന്നതിനായി "Freeze Bid" ക്ലിക്ക് ചെയ്യേണ്ടതാണ്.
9. ദർഘാസ് തുകയും നിരതദ്രവ്യവും ഒടുക്കുന്നത് ഒറ്റ ഇടപാടിലൂടെ നിർവ്വഹിക്കേണ്ടതാണ്.
10. ദർഘാസ് അപേക്ഷകൻ മേൽപറഞ്ഞ രീതിയിൽ അനുവർത്തിച്ചില്ലെങ്കിൽ, ദർഘാസ് തുകയും, നിരതദ്രവ്യവും അപേക്ഷകന്റെ അക്കാണ്ടിലേക്ക് തിരികെ എത്തുന്നതും, അപേക്ഷ പരിഗണിക്കാതിരിക്കുന്നതുമാണ്.
11. ഓൺലൈൻ ബിഡ് സമർപ്പിക്കുവാൻ ചുമതലയുള്ള വ്യക്തിക്ക് മാത്രമേ ദർഘാസ് അപേക്ഷകൻ ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് (DSC) നല്കാവൂ.